# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2380** — **19/03/2015-ൽ മറുപടിക്ക്**

## സേഫ് കേരള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.തിലോത്തമൻ**<br>**ശ്രീമതി.ഗീതാ ഗോപി**<br>**ശ്രീ.വി.ശശി**<br>**ശ്രീ.ഇ.കെ.വിജയൻ** | **ശ്രീ. വി.എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി സേഫ് കേരള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ; | എ) സേഫ് കേരള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ സ്ക്വാഡുകൾ രൂപീകരിച്ച് വിവിധ കേന്ദ്രങ്ങളിൽ പരിശോധന നടത്തുന്നു. പരിശോധനയിൽ പകർച്ചവ്യാധി ഉണ്ടാകാനുള്ള സാഹചര്യങ്ങൾ കണ്ടെത്തിയാൽ നോട്ടീസ് നൽകുകയോ, ഫൈൻ ഈടാക്കുകയോ ആവശ്യമെങ്കിൽ അടച്ച് പൂട്ടിക്കുകയോ ചെയ്യുന്നുണ്ട്.<br>സേഫ് കേരള പദ്ധതി അനുസരിച്ച് ഭക്ഷണ ശാലകൾ, ക്ലിനിക്കൽ ലബോറട്ടറികൾ, സ്കൂളുകൾ, ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ, ഓഫീസുകൾ, വീടുകൾ തുടങ്ങിയവ എല്ലാം പരിശോധിച്ച് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| ബി) മഞ്ഞപിത്തം, ടൈഫോയിഡ്, വയറിളക്ക രോഗങ്ങൾ, ഭക്ഷ്യ വിഷബാധ തുടങ്ങിയവ എവിടെയെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നിയന്ത്രണ വിധേയമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് | ബി) ഇവ ഏറെക്കുറെ എല്ലാ ജില്ലകളിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.<br>ഐ.ഡി.എസ്.പി. വഴി ഫീൽഡ് തലത്തിലും ആശുപത്രി തലത്തിലും ഇത്തരം രോഗങ്ങൾ ഉടനടി റിപ്പോർട്ട് ചെയ്യാൻ നിലവിൽ സംവിധാനമുണ്ട്. റിപ്പോർട്ട് ചെയ്താലുടൻ കാര്യകാരണ വിശകലനം നടത്തി രോഗത്തെ |

| | |
|---|---|
| വെളിപ്പെടുത്തുമോ; | ഉടൻ നിയന്ത്രണ വിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുന്നു. രോഗ ബാധിതർക്ക് ചികിൽസ നൽകുന്നതോടൊപ്പം ആ പ്രദേശത്തുള്ളവർക്ക് ബോധ വൽക്കരണം, കുടിവെള്ള സ്രോതസ്സുകളുടെ പരിശോധന, ക്ലോറിനേഷൻ, സൂപ്പർ ക്ലോറിനേഷൻ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവയും നടത്തി വരുന്നു. |
| സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഹോട്ടലുകൾ, ബേക്കറികൾ തുടങ്ങിയ സ്ഥാപനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | സി) സേഫ് കേരളയുടെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലേയും ഹോട്ടലുകൾ, ബേക്കറികൾ, കൂൾബാറുകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഒരേ ദിവസം തന്നെ പരിശോധനയ്ക്ക് വിധേയമാക്കി നടപടികൾ സ്വീകരിച്ച് വരുന്നു. പകർച്ച വ്യാധികൾക്കുള്ള സാഹചര്യം കണ്ടെത്തിയ ഭക്ഷണ ശാലകൾക്ക് നോട്ടീസ് കൊടുക്കുകയും ഫൈൻ ഈടാക്കുകയും തീരെ മോശമായവ പൂട്ടിക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ